ഉത്തരം

(എ) 4 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള ലൈസൻസ്

103 (104) ശ്രീ. കെ. പി.എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് എത്ര പേർക്ക് ലൈസൻസ് നൽകിയിട്ടുണ്ട് ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ലൈസൻസ് ഇല്ലാതെ സ്ഫോടക വസ്തുക്കൾ നിർമ്മിക്കുന്നവരെ കണ്ടുപിടിക്കുന്നതിനും കേസ് എടുക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തീവ്രവാദി സംഘടനകളുടെ പ്രവർത്തനം

104 (105) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സാമുദായിക സംഘർഷം സൃഷ്ടിക്കുക എന്ന ലക്ഷ്യം വച്ച് ഏതെങ്കിലും തീവ്രവാദ സംഘടനകൾ പ്രവർത്തിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ സംഘടനകളുടെ പേർ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെ നടന്ന സംഘട്ടനങ്ങൾക്ക് ഈ തീവ്രവാദി സംഘടനകളുടെ പ്രേരണയും പങ്കാളിത്തവും ഉണ്ടായതായാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത് ;

(ഡി) ഈ തീവ്രവാദി സംഘടനകളുടെ പ്രവർത്തനം തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് മത തീവ്രവാദ സംഘടനകളായ വിശ്വഹിന്ദു പരിഷത്ത്, ആർ.എസ്.എസ്., ശിവസേന, അൽ ഉമ്മ, ജം-ഇയത്തുൾ, ഇഹ്സാനിയ, ഇസ്ലാമിക് ഭാവാ മൂവ്മെന്റ്, എൻ.ഡി.എഫ്., സിമി എന്നിവ പ്രവർത്തിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം സംഘടനകളുടെ പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നുണ്ട്. സാമുദായിക സംഘർഷം സൃഷ്ടിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നവർക്കെതിരായി ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കും.

കണ്ണൂർ ജില്ലയിലെ അക്രമസംഭവങ്ങൾ

105 (106) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ നിലവിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ എത്ര അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) പ്രസ്തുത ജില്ലയിൽ ഈ കാലയളവിൽ എത്രപേർ കൊല്ലപ്പെട്ടു. അതിൽ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരും അനുഭാവികളും എത്ര ; സി.പി.ഐ.(എം) പ്രവർത്തകരും അനുഭാവികളും എത്ര ; മറ്റു കക്ഷികളിൽ ഓരോന്നിന്റേയും പ്രവർത്തകരും അനുഭാവികളും എത്ര ;

(സി) ഈ കാലഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ എത്രപേരുടെ കൈകാലുകൾ ഛേദിക്കപ്പെട്ടു ;

(ഡി) അതിൽ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരും അനുഭാവികളും എത്ര ;

(ഇ) സി.പി.ഐ.(എം) പ്രവർത്തകരും അനുഭാവികളുമെത്ര ;

(എഫ്) കോൺഗ്രസ് പ്രവർത്തകരും അനുഭാവികളുമെത്ര ; മറ്റു ഓരോ രാഷ്ട്രീയ പാർട്ടികളുടെയും പ്രവർത്തകരും അനുഭാവികളും എത്ര ;

(ജി) ഈ കാലഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ. ഓരോ പാർട്ടിയിലുംപ്പെട്ട എത്രപേർക്കു വീതം മറ്റ് വിധത്തിലുള്ള പരിക്കേറ്റു ;

(എച്ച്) ഈ കാലയളവിൽ കണ്ണൂർ ജില്ലയിൽ ഓരോ രാഷ്ട്രീയ കക്ഷികളുടേയും പ്രവർത്തകരുടേയും അനുഭാവികളുടേയും എത്ര വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവ പൂർണ്ണമായോ, ഭാഗികമായോ തകർക്കപ്പെട്ടു ;

(ഐ) ഈ കാലയളവിൽ രാഷ്ട്രീയ കക്ഷി പ്രവർത്തകരുടേയോ അനുഭാവികളുടേയോ വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, കൊപ്രാക്കളങ്ങൾ എന്നിവ പൂർണ്ണമായോ ഭാഗികമായോ തീവെച്ച് നശിപ്പിക്കപ്പെട്ടു ;

(ജെ) ഈ കാലയളവിൽ കണ്ണൂർ ജില്ലയിൽ ഓരോ രാഷ്ട്രീയ കക്ഷികളുടേയും പ്രവർത്തകരുടെയോ അനുഭാവികളുടേയോ എന്തുവിലയ്ക്കുള്ള വിളകളും ഫലവൃക്ഷങ്ങളും നശിപ്പിക്കപ്പെട്ടു എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly